## പതിനഞ്ചാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *16 — 05.12.2022 ൽ മറുപടിയ്ക്ക്

## ലഹരി വ്യാപനം തടയാൻ നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.മമ്മിക്കുട്ടി<br>ശ്രീ.കെ.ആൻസലൻ<br>ശ്രീമതി.ദെലീമ<br>ശ്രീ.കെ.ജെ.മാക്സി | | ശ്രീ.എം.ബി.രാജേഷ്<br>(തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ലഹരി കടത്തും വില്പനയും ഉപയോഗവും കർശനമായി തടയാൻ ജനകീയ പങ്കാളിത്തത്തോടെ ആവിഷ്കരിച്ചിട്ടുള്ള പരിപാടിയുടെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | ജനകീയ പങ്കാളിത്തത്തോടെ മയക്കമരുന്ന് വ്യാപനത്തിനെതിരെ സാമൂഹ്യ പ്രതിരോധം തീർക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ലഹരി വിരുദ്ധ ക്യാമ്പയിനിന്റെ ഒന്നാംഘട്ടം ഒക്ടോബർ 2 മുതൽ നവംബർ 1 വരെ നടത്തിയിരുന്നു. ഇതിന്റെ രണ്ടാം ഘട്ടം 2022 നവംബർ 14 ന് ആരംഭിച്ച് 2023 ജനുവരി 26 ന് സമാപിക്കും. ഒന്നാം ഘട്ട പ്രചാരണ പരിപാടിയിൽ വിദ്യാർത്ഥി/യുവജന സംഘടനകൾ, സർവ്വീസ് സംഘടനകൾ, വ്യാപാരിവ്യവസായി സംഘടനകൾ, വിവിധ ജാതി മത സാമൂഹിക സാംസ്കാരിക സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ തുടങ്ങി സമൂഹത്തിലെ വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.<br><br>സംസ്ഥാനത്തെ ജനപ്രതിനിധികൾ |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷൻമാരായി സാമൂഹ്യ-സാമുദായിക സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ, റസിഡന്റ്സ് അസോസിയേഷൻ പ്രതിനിധികൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, അവയുടെ വാർഡുകളിലും, സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ/ കോളേജ് തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി എസ്.സി.ഇ.ആർ.റ്റിയും എക്സൈസ് വകുപ്പും വിമുക്തി മിഷനും സംയുക്തമായി ബോധവൽക്കരണ മൊഡ്യൂൾ തയ്യാറാക്കുകയും, എല്ലാ ജില്ലകളിലും അധ്യാപകർ, എക്സൈസ്, പോലീസ് ഉദ്യോഗസ്ഥർ എന്നിവർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നതിന് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>ലഹരി വിരുദ്ധ പ്രചാരണ പരിപാടിയുടെ ഭാഗമായി ഒക്ടോബർ 6 മുതൽ ലഹരി വിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ വിവിധ പരിപാടികളും, മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി പോസ്റ്ററുകളും, ലഹരിവിരുദ്ധ പ്രചരണ ബോർഡുകളും സ്ഥാപിക്കുകയും വാഹനത്തിൽ എൽ.ഇ.ഡി സ്ക്രീൻ ഉപയോഗിച്ച് വാഹന പ്രചരണം നടത്തുകയും ചെയ്തു. ഭാരത് സ്കൗട്സ് & ഗൈഡ്സുമായി ചേർന്ന് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ |

| | | | |
|---|---|---|---|
| | | | സൈക്കിൾ റാലി, ഭവന സന്ദർശനം എന്നിവ നടത്തി.<br><br>ഒക്ടോബർ 22 ന് എല്ലാ നിയമസഭാ മണ്ഡലങ്ങളിലും ഒക്ടോബർ 24, 25 തീയതികളിൽ ഗ്രന്ഥശാലകളിലും, വീടുകളിലും വ്യാപാര സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ദീപം തെളിയിച്ചു. 2022 നവംബർ 1 ന് എല്ലാ വിദ്യാലയങ്ങളിലും, പ്രധാന സ്ഥലങ്ങൾ കേന്ദ്രീകരിച്ചും ലഹരിവിരുദ്ധ ശൃംഖല തീർക്കുകയും, ശൃംഖലയിൽ പങ്കെടുത്തവർ ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും, പ്രതീകാത്മകമായി ലഹരിവസ്തുക്കൾ കത്തിക്കുകയും ചെയ്തു. |
| (ബി) | മയക്കുമരുന്ന് പ്രതിരോധ പ്രവർത്തനത്തിൽ എല്ലാ യുവജനങ്ങളെയും കണ്ണിചേർക്കുന്നതിന് പ്രത്യേകം പരിഗണന നൽകുന്നുണ്ടോ; | (ബി) | ഉണ്ട്. യുവജന സംഘടനാ പ്രതിനിധികളുടെ യോഗം പ്രത്യേകം ചേർന്നു. സംസ്ഥാന യുവജന ക്ഷേമ ബോർഡ് വിവിധ പരിപാടികൾ തനതായി സംഘടിപ്പിക്കുന്നുണ്ട്. |
| (സി) | ലഹരിവിരുദ്ധ പ്രചരണത്തോടൊപ്പം സംസ്ഥാന പോലീസുമായി ചേർന്ന് നിയമം കർശനമായി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (സി) | ലഹരി വിരുദ്ധ പ്രചാരണത്തോടൊപ്പം സംസ്ഥാന പോലീസുമായി ചേർന്ന് നിയമം കർശനമായി നടപ്പിൽ വരുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി നടത്തിയ സംയുക്ത റെയ്ഡുകളിൽ 2 അബ്കാരി കേസുകളും 1 എൻ.ഡി.പി.എസ്. കേസും, 42 കോട്പ കേസുകളും കണ്ടെത്തിയിട്ടുണ്ട്. ഇതിനു പുറമെ എക്സൈസും പോലീസും വെവ്വേറെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ